സമ്പൂർണ്ണ ഗ്രാമീണ റോഡ് നവീകരണ പദ്ധതി

2(*32) ശ്രീ. എം. ചന്ദ്രൻ:
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ആവിഷ്കരിച്ച സമ്പൂർണ്ണ ഗ്രാമീണ റോഡ് നവീകരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(സി) റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി എത്ര കോടി രൂപ കൂടി ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്;

(ഡി) അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) ഉണ്ട്. സർക്കാർ ആവിഷ്കരിച്ച റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളും നഗരസഭകളുംകൂടി ആകെ 10,484 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 8,033 പ്രവൃത്തികൾ ടെന്റർ ചെയ്യുകയും 7,080 പ്രവൃത്തികൾ കരാറിൽ ഏർപ്പെട്ട് നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 1,240 പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തിയായിട്ടുണ്ട്.

(ബി) വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം, റോഡ് മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ടിലെ മിച്ചം തുക എന്നിവ ഈ പദ്ധതിക്കായി വിനിയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ 730 കോടി രൂപ ലഭ്യമാകും. പദ്ധതിക്കായി കൂടുതൽ തുക കണ്ടെത്തുന്നതിന്റെ ഭാഗമായി പശ്ചാത്തല മേഖലാ വിഹിതം 20-ൽ നിന്ന് 30 ശതമാനമായി മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം തുക ഉപയോഗിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 220 കോടി രൂപ ലഭിക്കുന്നതാണ്. മൺപണികൾ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിലൂടെ 100 കോടി രൂപ ലഭ്യമാക്കാൻ കഴിയും. ഇതിനു പുറമേ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 284 കോടി രൂപ അധിക വിഹിതമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം റോഡ് പുനരുദ്ധാരണ പദ്ധതികൾക്കായി ആകെ 1,334 കോടി രൂപ ലഭ്യമാകുന്നതാണ്.

(സി) അംഗീകരിച്ച പ്രവൃത്തികൾക്ക് മതിയായ തുക ലഭ്യമാണ്.

(ഡി) ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ ആസൂത്രണ സമിതികൾ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. സംസ്ഥാനതലത്തിലും പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചന്ദ്രൻ: സർ, അഞ്ച് 1996-ൽ അധികാരത്തിൽ ഉണ്ടായിരുന്ന കാലത്താണ് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയത്. അതിന്റെ ഭാഗമായി ഗ്രാമീണ മേഖലയിൽ റോഡുകളുടെ ഒരു വിപ്ലവം തന്നെ നടക്കുകയുണ്ടായി. ഈ കാലഘട്ടത്തിലെല്ലാം നിരവധി ഗ്രാമീണ റോഡുകൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ അവസ്ഥ ഒരു കാലവർഷം കഴിഞ്ഞാൽ ഈ റോഡുകളിലൂടെയൊന്നും യാത്ര ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണ്. അത് നിരന്തരമായ മെയിന്റനൻസിലൂടെ പരിഹരിക്കുവാനും സാദ്ധ്യമല്ല. അതു കൊണ്ട് ഘട്ടംഘട്ടമായി ഈ റോഡുകളെല്ലാം കോൺക്രീറ്റ് റോഡുകളാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഇപ്പോൾ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ സഞ്ചാരയോഗ്യമല്ലാത്തതും ഏറ്റവും അപകടം പിടിച്ചവയുമാണ്. പ്രത്യേക പ്രയോറിറ്റി കൊടുത്ത് അവ മുഴുവൻ നന്നാക്കുന്നതിനു വേണ്ടിയാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. തുടർന്നും ഇത് തുടർച്ചയായി നടക്കേണ്ടതാണ്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അവരുടെ പ്രവർത്തനത്തിൽ വരുന്ന വീഴ്ച കിട്ടുന്ന ഫണ്ട് മുഴുവനും പുതിയ റോഡ് നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നു എന്നുള്ളതാണ്. നിലവിലുള്ള റോഡിന്റെ റിപ്പയറിംഗിന് വേണ്ടത്ര പണം ചെലവഴിക്കാത്തതിന്റെ ഫലമായിട്ടു കൂടിയാണ് ഈ അവസ്ഥ വന്നുചേർന്നിട്ടുള്ളത്. അത് ശ്രദ്ധിക്കുന്നതിനുവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോൾ വളരെ മോശപ്പെട്ട നിലയിൽ കിടക്കുന്ന റോഡുകളെല്ലാം പുനരുദ്ധരിക്കുന്നതിനുവേണ്ടിയാണ് ഈ ഫണ്ട് അനുവദിച്ചിട്ടുള്ളത്.

ശ്രീ. എം. ചന്ദ്രൻ: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ 20 ശതമാനമായിരുന്നു മുൻപ് പശ്ചാത്തല മേഖലയ്ക്ക് അനുവദിച്ചിരുന്നത്. അതിപ്പോൾ 30 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അങ്ങയുടെ മറുപടിയിൽ പറയുകയുണ്ടായി. പക്ഷേ ഈ 30 ശതമാനത്തിൽ നിന്ന് കുടിവെള്ളം, ഇലക്ട്രിസിറ്റി എന്നിവയ്ക്ക് തുക മാറ്റിവച്ചാൽ റോഡുകളുടെ മെയിന്റനൻസിനും അതിന്റെ പുനർനിർമ്മാണത്തിനുമൊക്കെ വളരെ കുറച്ച് മാത്രമാണ് തുക അനുവദിക്കാൻ കഴിയുന്നത്. അതുപോലെ മെയിന്റനൻസ് ഗ്രാന്റ് ഒരു പഞ്ചായത്തിന് ശരാശരി 25 ലക്ഷം രൂപ മാത്രമാണ് ഒരു വർഷത്തിൽ ലഭ്യമാകുന്നത്. അതുകൊണ്ടൊന്നും ഇന്ന് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളോ മെയിന്റനൻസോ നടത്താൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് മെയിന്റനൻസ് ഗ്രാന്റ് കുറച്ച് കൂടുതൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : മെയിന്റനൻസ് ഗ്രാന്റ് എല്ലാ പഞ്ചായത്തുകൾക്കും കഴിഞ്ഞ കാലങ്ങളിൽ കൊടുത്തത് ഓരോ പഞ്ചായത്തിലുമുള്ള സ്ഥാപനങ്ങളെ ഊർജ്ജിതമായി വിലയിരുത്തിക്കൊണ്ടായിരുന്നു. അതിന്റെ ഫലമായി ചില പഞ്ചായത്തുകൾക്ക് ആവശ്യത്തിൽ കൂടുതൽ കിട്ടുകയും ചില സ്ഥലത്ത് തീരെ കിട്ടാതെയുമുള്ള ഒരു സ്ഥിതിയുണ്ടായിരുന്നു. അത് മാറ്റി ഓരോ പഞ്ചായത്തുകളിലുമുള്ള സ്ഥാപനങ്ങളെ കണക്കാക്കിക്കൊണ്ടുള്ള ഫണ്ടാണ് തുടർന്ന് അനുവദിക്കാൻ പോകുന്നത്. ആ പ്രശ്നത്തിന് ഒരളവ് വരെ പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സർ, ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടി ഈ ഗവൺമെന്റ് 1,470 കോടി രൂപ നീക്കിവച്ചതായി മനസ്സിലാക്കുന്നുണ്ട്. എന്നാൽ റോഡുകളുടെ സ്ഥിതി പരമദയനീയമായി നിൽക്കുകയാണ്. ഇവിടെ പി.ഡബ്ല്യു.ഡി. റോഡുകളിൽ കേബിൾ സ്ഥാപിക്കുന്നതിന് മുൻപായി പി.ഡബ്ല്യു.ഡി.ക്ക് കട്ടിംഗ് ചാർജ് അടയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ ഇത്തരത്തിലുള്ള നിബന്ധനകളൊന്നും തന്നെയില്ല. അതിന്റെ ഭാഗമായി കട്ടിംഗ് ചാർജ് ലഭിക്കുന്നുമില്ല. വളരെ തുച്ഛമായ തുക കൊണ്ടാണ് പഞ്ചായത്ത് റോഡുകളെല്ലാം തന്നെ മെയിന്റനൻസ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇവരെ സഹായിക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾക്കും കട്ടിംഗ് ചാർജ് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അത് പരിശോധിച്ചതിനുശേഷമേ പറയാൻ പറ്റുകയുള്ളൂ. അതിനെ സംബന്ധിച്ച് എന്റെ കയ്യിൽ വേണ്ടത്ര വിവരങ്ങളില്ല.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിൽ ഒരു ബസ് കുഴിയിൽ വീണതിന്റെ ഫലമായി ഗർഭസ്ഥ ശിശു മരണപ്പെട്ട സംഭവമുണ്ടായി. അത് ശ്രീ. പള്ളിപ്രം ബാലന്റെ മണ്ഡലത്തിൽ നടന്ന സംഭവമാണ്. ഇത് പഞ്ചായത്ത് റോഡോ സ്റ്റേറ്റ് ഗവൺമെന്റിന്റെ റോഡോ അല്ല. സെൻട്രൽ ഗവൺമെന്റിന്റെ നാഷണൽ ഹൈവേയാണ്. 2003-നുശേഷം 2010 വരെ അവിടെ ഒരു പണിയും നടന്നിട്ടില്ല. വളരെ ദയനീയമാണ് ആ റോഡിന്റെ അവസ്ഥ. ഫണ്ടിന്റെ ദൗർലഭ്യംകൊണ്ട് നവീകരണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത ഒരുപാട് പഞ്ചായത്തുകൾ ഉണ്ടെന്നാണ് എന്റെ അറിവ്. അത്തരം പഞ്ചായത്തുകളുടെ ലിസ്റ്റ് വല്ലതുമുണ്ടോ; അങ്ങനെയുള്ള പഞ്ചായത്തുകളെ സഹായിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് കൊടുക്കുന്നുണ്ട്. സ്പഷ്യലായി ഏതെങ്കിലും വിഷയം വച്ച് കൊടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല. അതിന്റെ ആവശ്യം വന്നാൽ അത് പരിശോധിക്കും.

ശ്രീ. സാജുപോൾ: സർ, കേരളത്തിൽ ഇന്ന് അന്യായവില നൽകി ഡീസലും പെട്രോളും വാങ്ങി വാഹനങ്ങളിൽ സഞ്ചരിക്കുന്നയാളുകൾ വളരെ ദുസ്സഹമായ ഒരു അവസ്ഥയിലാണ്. ഈ റോഡുകളിൽ വെള്ളക്കെട്ടിന്റെയും കയ്യേറ്റത്തിന്റെയും എല്ലാം പ്രശ്നങ്ങളുണ്ട്. റോഡുകൾ പൂർണ്ണമായും തകർന്നു കഴിഞ്ഞ ശേഷമാണ് പുനരുദ്ധാരണം നടത്തുന്നത്. സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല. അതുപോലെ 20 മില്ലിമീറ്റർ കനത്തിലുള്ള ചിപ്പിംഗ് കാർപ്പറ്റാണ് ടാറിംഗ് നടക്കുന്ന സമയത്ത് നിരത്തുന്നത്. 50 ടൺ വരെ കയറ്റാവുന്ന കണ്ടെയിനറുകൾ ഉൾപ്പെടെയുള്ള ഭാരവണ്ടികൾ കേരളത്തിൽ സാർവ്വത്രികമായിട്ടുണ്ട്. അതുകൊണ്ട് അതിന്റെ ഘടന മാറ്റുന്നതിനും ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പുനരുദ്ധരിച്ച ശേഷം മാത്രമേ പുതിയ റോഡുകൾ ഉണ്ടാക്കാൻ പാടുള്ളൂ എന്ന ഒരു നിബന്ധന വയ്ക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അങ്ങനെ കർക്കശമായ നിബന്ധന കൊണ്ടുവരുന്നത് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കും. അത്യാവശ്യം വേണ്ടിടത്ത് പുതിയ റോഡ് ഉണ്ടാക്കണം. അതേസമയം പഴയ റോഡുകൾ നല്ല രീതിയിൽ പരിപാലിച്ച് പോകുന്ന ഒരു സമീപനമേ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. എം. മുരളി : സർ, അങ്ങ് പറഞ്ഞ കണക്കനുസരിച്ച് പതിനായിരത്തോളം ഗ്രാമീണ റോഡുകൾ പണിയാൻ പോകുന്നുവെന്നാണ് മനസ്സിലാക്കുന്നത്. കേരളത്തിൽ ഇരുപതിനായിരത്തോളം വാർഡുകളുണ്ട്. ശരാശരി ഗ്രാമപ്രദേശങ്ങളിലെ ഒരു വാർഡിലെ തകർന്നുകിടക്കുന്ന ഒരു റോഡുപോലും ചെയ്യാൻ ഇതു കൊണ്ട് കഴിയുന്നില്ല. അവിടെയുള്ള പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളെങ്കിലും ദുർവാശിയോ പ്രത്യയശാസ്ത്രപരമായ പിടിവാശിയോ ഇല്ലാതെ പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കാനും പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് കൂടി വിനിയോഗിച്ചുകൊണ്ട് അവർ കുറച്ച് റോഡ് ചെയ്യാനും അങ്ങയുടെ വകുപ്പ് ഉദാരമായ ഒരു സമീപനം സ്വീകരിക്കുമോ? തകർന്ന റോഡുകൾ രക്ഷിക്കാൻ അതല്ലാതെ വേറെ മാർഗ്ഗമില്ല.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഇത് കുറേ കാലമായിട്ട് ഉന്നയിക്കപ്പെടുന്ന ഒരു പൊതു പ്രശ്നമാണ് പി.ഡബ്ല്യു.ഡി. പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുള്ള റോഡ് കൈമാറണമെന്നുള്ള അഭിപ്രായം സംബന്ധിച്ച് പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുള്ള റോഡ് ഏതാണെന്നുള്ളത് ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. അതാണൊരു പ്രശ്നമുള്ളത്. ഏതാണ് പഞ്ചായത്തിന് കൈമാറേണ്ടത് ഏതാണ് പി.ഡബ്ല്യു.ഡി.ക്ക് കൊടുക്കേണ്ടത് എന്നുള്ളത് തരം തിരിച്ച് കൊടുക്കണം. അഞ്ച് കൊല്ലം മുമ്പ് നിങ്ങൾ ഉണ്ടായിരുന്നല്ലോ അന്ന് ചോദിച്ചില്ലല്ലോ.

മി. സ്പീക്കർ : പ്ലീസ്.....ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. മിനിസ്റ്റർ മറുപടി പറയട്ടെ.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: പി.ഡബ്ല്യു.ഡി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ള റോഡുകൾ ഏതാണെന്ന് തിട്ടപ്പെടുത്തി അവ പ്രത്യേകമായി പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്വം ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അത് പൂർത്തിയായിക്കഴിഞ്ഞാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

ശ്രീമതി ജെ. അരുന്ധതി : സർ, ഗ്രാമീണ റോഡുകളിൽപ്പെടുന്നതാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി. ഓരോ ബ്ലോക്കിലും ഒരു പാക്കേജ് എന്ന നിലയിൽ 8-10 വർക്കുകളാണ് പ്രവർത്തനം തുടങ്ങിയത്. അത് ഏറ്റെടുത്ത കരാറുകാരുടെ അശ്രദ്ധമൂലം അവർ ഉപേക്ഷിച്ചിട്ട് പോയ സ്ഥിതിയാണുള്ളത്. ഇതിന്റെ ഭോഗമായി ജനങ്ങൾക്ക് വലിയ നഷ്ടമാണ് വന്നിരിക്കുന്നത്. അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : കരാറുകാർ കരാർ ഏറ്റെടുത്തതിനു ശേഷം തിരിച്ചുപോകുന്നത് പല സ്ഥലങ്ങളിലും കാണുന്നുണ്ട്. അവരെ വീണ്ടും വിളിച്ച് ശരിയാക്കാനോ അതല്ലെങ്കിൽ കരാറിൽ നിന്ന് ഒഴിവാക്കി റീടെണ്ടർ ചെയ്യുന്നതിനോവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ : സർ, ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അങ്ങേക്ക് അറിയാം, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത പല റോഡുകളും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ത്രിതല പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ അങ്ങേയ്ക്ക് അറിയാവുന്ന പ്രദേശമാണ്. പതിനാലര കിലോമീറ്റർ വരുന്ന മുണ്ടയങ്കര- പുള്ളിപ്പാടം- ഓടായിക്കൽ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിരുന്നത് പിന്നീട് വിട്ടുകൊടുത്തു. ഇപ്പോഴത്തെ ആ റോഡിന്റെ അവസ്ഥ, ജില്ലാതല പഞ്ചായത്തിന് കീഴിലുണ്ടോയെന്നു ചോദിച്ചാൽ അവിടെയില്ല. ഗ്രാമ പഞ്ചായത്തിന്റെ കീഴിലില്ല. എന്നാൽ പി.ഡബ്ല്യു.ഡി. ലിസ്റ്റിലുമില്ല. ഇത്തരം റോഡുകൾ എവിടെയാണെന്നെങ്കിലും കണ്ടുപിടിച്ച് ത്രിതല പഞ്ചായത്തിന് കൊടുക്കുകയോ അത്തരം റോഡുകൾ പി.ഡബ്ല്യു.ഡി. തന്നെ ഏറ്റെടുത്ത് നടത്തുകയോ ചെയ്യുന്നതിന് ആവശ്യമായ നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്. അതിനുള്ള ശ്രമമുണ്ടാകുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അതിനെ സംബന്ധിച്ചുള്ള അവ്യക്തത തിർക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. മുരളി പെരുനെല്ലി : സർ, സമ്പൂർണ്ണ ഗ്രാമീണ റോഡ് നവീകരണ പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് വഹിക്കുന്ന പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. റോഡ് നിർമ്മാണത്തിനും നവീകരണത്തിനുമായി എം.എൽ.എ. ഫണ്ട്, അതുപോലെ ക്ലബ്ബുകളുടെ ഫണ്ട് ഉണ്ട്. ഇതെല്ലാം നല്ലതുപോലെ പ്രയോജന പ്പെടുത്തുന്നുണ്ട്. പക്ഷേ കൃത്യമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവംമൂലം കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, മതിയായ ജീവനക്കാരെ പോസ്റ്റ് ചെയ്യാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അത്യാവശ്യം ഓരോ മേഖലയിലുമുള്ള പ്രവർത്തനങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ജീവനക്കാരെ വച്ചിട്ടുള്ളത്. അതിൽ വലിയ കുറവ് സംഭവിക്കുന്നുണ്ടെങ്കിൽ എന്താണ് വേണ്ടതെന്ന് ആലോചിക്കാം.

ശ്രീ. കെ. കെ. ഷാജു : സർ, വളരെ വലിയ പ്രതീക്ഷയോടു കൂടിയാണ് ഗവൺമെന്റിന്റെ ആയിരം കോടി രൂപയുടെ റോഡ് നിർമ്മാണ പദ്ധതി യെക്കുറിച്ച് കേരളത്തിലെ ജനങ്ങൾ നോക്കിക്കണ്ടത്. യഥാർത്ഥത്തിൽ ഈ കാര്യങ്ങൾ ഒന്നും മുന്നോട്ട് പോകാത്ത അവസ്ഥയായിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഈ ഫണ്ട് ഉപയോഗിച്ച് ഈ റോഡുകൾ പൂർത്തിയാക്കാൻ കഴിയില്ല. എന്നാൽ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതി ഒരുപാട് ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹായകരമായിട്ടുള്ളതാണ്. ആ പദ്ധതി കേരളത്തിൽ ഏതാണ്ട് നിലച്ച മട്ടാണ്. ആ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ വേറെ പഞ്ചായത്തിൽ നിന്നുള്ള എല്ലാ റോഡുകളും ഈ ഒരൊറ്റ പദ്ധതി കൊണ്ട് പൂർത്തിയാക്കുക എന്നുള്ള കാര്യം ഉദ്ദേശിച്ചിട്ടില്ല. തീരെ സഞ്ചാരയോ ഗ്യമല്ലാതെ കിടക്കുന്ന റോഡുകളും വേറെ പഞ്ചായത്തിലുള്ള റോഡുകൾക്ക് അതിന്റെ പ്രയോറിറ്റിയും കൊടുത്ത് പുനരുദ്ധരിക്കുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിലെ അശാസ്ത്രീയതയെ സംബന്ധിച്ച് വലിയ ആക്ഷേപം നിലനിൽക്കുകയാണ്. കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുസരിച്ച് റോഡുകളുടെ പണി ചെയ്യുന്നില്ല. അതാണ് വളരെ പ്രധാനപ്പെട്ട ന്യൂനതയായിട്ടുള്ള ഒരു കാര്യം. തിരുവനന്തപുരം ജില്ലയിൽ 2010 ആറാം മാസത്തിനുള്ളിൽ തന്നെ റോഡ് അപകടങ്ങളുടെ എണ്ണം 2227 ആണ്. അതിൽ 257 പേർ മരിക്കുകയും ചെയ്തു. ശാസ്ത്രീയമായ രീതിയിൽ കേരളത്തിലെ ഗ്രാമീണ റോഡുകളുടെ നിർമ്മാണം നടപ്പിലായാൽ അപകടങ്ങളുടെ എണ്ണം വളരെയധികം കുറയ്ക്കാൻ കഴിയും അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : വളരെ ശാസ്ത്രീയമായ രീതിയിൽ ഗുണമേന്മയുള്ള റോഡുകളാണ് ഇപ്പോൾ പി.എം.ജി.എസ്.വൈ.-യിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷേ എല്ലാ പഞ്ചായത്തുകളിലും അത്തരത്തിലുള്ള റോഡ് എന്നുള്ളത് ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിലില്ല. പരമാവധി ഗുണമേന്മയുള്ള റോഡ് നിർമ്മിക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. എം. എ. വാഹീദ് : സർ, ഗ്രാമീണ റോഡുകളെല്ലാം സമ്പൂർണ്ണ കുളങ്ങളായി അല്ലെങ്കിൽ തോടുകളായി മാറിയ സ്ഥിതിവിശേഷമാണ് കഴിഞ്ഞ അഞ്ച് വർഷമായിട്ടുള്ളത്. ഇതിന് കാരണം പദ്ധതികളില്ലാഞ്ഞിട്ടല്ല. പദ്ധതിയുണ്ട്. ഈ പദ്ധതിയനുസരിച്ച് എസ്റ്റിമേറ്റ് എടുക്കാൻ എഞ്ചിനീയർമാരില്ല. അത് സൂപ്പർവൈസ് ചെയ്യാനുള്ള ആൾക്കാരില്ല. എന്റെ നിയോജക മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും എംപ്ലോയ്മെന്റ് എക്ചേഞ്ച് വഴി നിയമിച്ചിട്ടുള്ള എഞ്ചിനീയർമാരാണ്. ഒരു ദിവസം വന്നു ചാർജ് എടുത്താൽ പിന്നെ 90 ദിവസം കഴിയുമ്പോൾ പിരിഞ്ഞുപോയിരിക്കണം. ഇല്ലെങ്കിൽ നിർബന്ധപൂർവ്വം പിരിച്ചുവിട്ടിരിക്കണം. അല്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറിക്ക് എതിരെ നടപടി സ്വീകരിക്കും. ഇപ്പോൾ സംഭവിച്ചിരിക്കുന്നത് ആനുവൽ മെയിന്റനൻസ് നടത്താനോ ഈ റോഡുകൾ സംരക്ഷിക്കാനോ കഴിയുന്നില്ല എന്നതാണ്. എഞ്ചിനീയറിംഗ് വിഭാഗം ശക്തമാക്കണമെന്ന് നിരന്തരമായി ഞാൻ ഈ സഭയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ബ്ലോക്കിൽ എ.ഇ. ഇല്ലാത്തതുകാരണം എസ്റ്റിമേറ്റ് എടുക്കാൻ കഴിയുന്നില്ല. പി.എം.ജി.എസ്.വൈ. എന്റെ നിയോജക മണ്ഡലത്തിൽ തകർന്നത് ബ്ലോക്കിൽ എ.ഇ. ഇല്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് ബ്ലോക്കിൽ എ.ഇ.-യെ നിയമിക്കണം. പഞ്ചായത്തുകളിൽ പി.എസ്.സി. വഴി സ്ഥിര നിയമനം നടത്തണം.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാതെ കിടക്കുന്നതിന്റെ പ്രധാനപ്പെട്ട ഘടകം ജീവനക്കാരുടെ പ്രശ്നമല്ല. റോഡ് റിപ്പയർ ചെയ്യാൻ പറ്റുന്ന ഒരു കാലാവസ്ഥ വന്നിട്ടില്ല എന്നുള്ളതുകൊണ്ടാണ്. മഴ തീർന്നാൽ ഉടൻതന്നെ റോഡ് പണി ആരംഭിക്കുന്നതാണ്.